ഉത്തരം

(എ) 601

(ബി) 50.

(സി) ഒന്ന്.

പാലക്കാട് ജില്ലയിലെ പോലീസ് സ്റ്റേഷനുകൾ

1397 [2256] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ട്; ജില്ല തിരിച്ച് പറയുമോ;

(ബി) പാലക്കാട് ജില്ലയിൽ ഓരോ പോലീസ് സ്റ്റേഷനുകളിലും ഇന്നുവരെ എത്ര പരാതികൾ റിക്കാർഡിൽ ഉണ്ട്;

(സി) ഈ പരാതികൾക്ക് എത്ര എണ്ണത്തിന് രസീത് നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 304. ജില്ലതിരിച്ചുള്ള ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. ‡

(ബി, സി) വിശദവിവരം അനുബന്ധം II-ൽ കാണിച്ചിട്ടുണ്ട്.

യാത്രഅയപ്പിന് പണപ്പിരിവു നടത്തി ധൂർത്തടിച്ചതായി പരാതി

1398 [2257] ശ്രീ. ടി.കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കരിക്കോട് ശിവറാം ഹൈസ്കൂളിൽനിന്നും റിട്ടയർ ചെയ്ത ഒരദ്ധ്യാപകന്റെ യാത്രഅയപ്പിനോടനുബന്ധിച്ച് ഒരു വിഭാഗം അദ്ധ്യാപകർ പണപ്പിരിവു നടത്തി പണം ധൂർത്തടിച്ചതായി വല്ല പരാതിയും അഴിമതി നിരോധന വകുപ്പിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെസംബന്ധിച്ച് വല്ല അന്വേഷണവും നടത്തിയോ;

(സി) അന്വേഷണം നടത്തിയെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ വല്ല നടപടിയും സ്വീകരിച്ചോ;

(ഡി) സ്വീകരിച്ചിട്ടുണ്ടെങ്കിൽ എന്തുനടപടിയെന്ന് വ്യക്തമാക്കുമോ?

‡ അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊല്ലം ജില്ലയിലെ കരിക്കോട് ഹൈസ്കൂളിൽനിന്നും റിട്ടയർ ചെയ്ത ഒരദ്ധ്യാപകന്റെ യാത്രഅയപ്പിനോടനുബന്ധിച്ച് ഒരു വിഭാഗം അദ്ധ്യാപകർ പണപ്പിരിവു നടത്തിയതിനെക്കുറിച്ച് പരാതി ഈ വകുപ്പിൽ കിട്ടിയതായി കാണുന്നില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

ഫയർമാൻമാർക്ക് അനുവദിച്ചിട്ടുള്ള ഓഫ്

1399 [2258] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സിലെ ഫയർമാൻമാർക്ക് ആഴ്ചയിൽ ഒരു ദിവസത്തെ ഓഫിനുള്ള ഓർഡർ നിലവിലുണ്ടോ;

(ബി) എങ്കിൽ തുടർച്ചയായി രണ്ടോ, മൂന്നോ ആഴ്ച ജോലി ചെയ്താലും, പല ഫയർ സ്റ്റേഷനിലും ഡേ ഓഫ് കിട്ടുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഡേ ഓഫ് നൽകാൻ കഴിയാത്ത സ്ഥിതിയിൽ പകരം ഡേ ഓഫ് അലവൻസ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ ജീവനക്കാർ അവധി എടുക്കുകയും ഒഴിവുകൾ നികത്താൻ താമസം നേരിടുകയും ചെയ്യുന്ന അപൂർവ്വ സന്ദർഭങ്ങളിൽ ഡേ ഓഫ് നൽകാൻ കഴിയാറില്ല.

(സി) പരിഗണിക്കാം.

വർഗ്ഗീയ സംഘട്ടനങ്ങൾ മുൻകൂട്ടി തടയാനുള്ള സംവിധാനം

1400 [2260] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ സംഘട്ടനങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ചു തടയാൻ പോലീസ് വകുപ്പിൽ ഇപ്പോൾ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവരുടെ പ്രവർത്തനംമൂലം കഴിഞ്ഞ വർഷത്തിലും ഈ വർഷത്തിലും എത്ര സംഘട്ടനങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞു?

LIBRARY ARCHIVES Kerala Legislative Assembly